**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **19-01-2021 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് റീ സൈക്ലിംഗ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക് റീ സൈക്ലിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 166 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (RRF) പ്ലാസ്റ്റിക് ഷ്രെഡിങ് മെഷീൻ, ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ, പ്ലാസ്റ്റിക് മെൽറ്റിംഗ് ആന്റ് ഗ്രൈൻഡിംഗ് മെഷീൻ എന്നീ സംവിധാനങ്ങളോട് കൂടിയ പ്ലാസ്റ്റിക് റീസൈക്ലിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 25 എണ്ണം ക്ലീൻ കേരള കമ്പനിയാണ് നടത്തുന്നത്. ഒരെണ്ണത്തിന്റെ നടത്തിപ്പ് ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. മറ്റുള്ളവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. |
| (ബി) | ആയവയിൽ സ്വകാര്യ പ്ലാസ്റ്റിക് റീ സൈക്ലിംഗ് സ്ഥാപനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | 166 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ (RRF) പ്ലാസ്റ്റിക് ഷ്രെഡിങ് മെഷീൻ, ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ, പ്ലാസ്റ്റിക് മെൽറ്റിംഗ് ആന്റ് ഗ്രൈൻഡിംഗ് മെഷീൻ എന്നീ സംവിധാനങ്ങളോട് കൂടിയ പ്ലാസ്റ്റിക് റീസൈക്ലിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ 25 എണ്ണം ക്ലീൻ കേരള കമ്പനിയാണ് നടത്തുന്നത്. ഒരെണ്ണത്തിന്റെ നടത്തിപ്പ് ഔട്ട് സോഴ്സ് ചെയ്തിട്ടുണ്ട്. മറ്റുള്ളവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. |
| (സി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ -സൈക്ലിംഗ് വഴി പുനരുപയോഗം ചെയ്യുന്നതിന് ശുചിത്വ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണ- ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കേണ്ട വിഷയമായി പരിഗണിച്ച് ഇതിനായുള്ള നയരൂപീകരണം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്നതിന് 1032 തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന രൂപീകരിക്കുകയും 821 |

| | | | |
|---|---|---|---|
| | | | തദ്ദേശസ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഗാർഹിക/സ്ഥാപന തലത്തിൽ നിന്നും ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ പുന:ചംക്രമണത്തിനായോ, പുനഃചംക്രമണയോഗ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ റോഡ് ടാറിംഗ് പോലെയുള്ള ആവശ്യങ്ങൾക്കായോ ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന വിഭവങ്ങളാക്കി മാറ്റുക എന്ന നയം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചതിന്റെ ഭാഗമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (എം.സി.എഫ്), റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (ആർ.ആർ.എഫ്) സ്ഥാപിക്കുന്നതിനും ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനും സഹായകമായ മാർഗനിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ